പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1056 13/06/2013 - ൽ മറുപടിയ്ക്ക്

## പരീക്ഷാ ഭവനിലെ തീർപ്പാകാത്ത ഫയലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) | |
| (എ) | പരീക്ഷാ ഭവനിൽ എസ്.എസ്. എൽ.സി. ഡ്യൂപ്ലിക്കേറ്റ്, ജനന തീയതി തിരുത്ത് എന്നിവ സംബന്ധിച്ച് വടകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നും വരുന്ന ഫയലുകൾ കൈകാര്യം ചെയ്യുന്ന സി4, ബി.സി.4 എന്നീ സെക്ഷനുകളിൽ മെയ് 1 ന് തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന എത്ര ഫയലുകൾ ഉണ്ട് എന്നത് പേഴ്സണൽ രജിസ്റ്റർ, എം. ഒ. പി. അരിയർ ലിസ്റ്റ് എന്നിവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പരീക്ഷാ ഭവനിൽ എസ്.എസ്. എൽ.സി. ഡ്യൂപ്ലിക്കേറ്റ്, ജനന തീയതി തിരുത്ത് എന്നിവ സംബന്ധിച്ച് വടകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സി5, ബി.സി4. എന്നീ സെക്ഷനുകളിലാണ് കൈകാര്യം ചെയ്യുന്നത്. സി5 സെക്ഷനിൽ 2012 വർഷത്തെ 16 ഫയലുകളും 2013 വർഷത്തെ 27 ഫയലുകളും അദാലത്തിൽ ലഭിച്ച 13 ഫയലുകളും തീർപ്പ് കല്പിക്കാനുണ്ട്. ബി.സി.4 സെക്ഷനിൽ ജനനത്തീയതി തിരുത്തുന്നതിനുള്ള 12 അപേക്ഷകളും തീർപ്പാക്കാനുണ്ട്. |
| (ബി) | തീർപ്പാകാത്ത ഫയലുകളിലെ അപേക്ഷകർ ആരെല്ലാം; പേര് വിലാസം, സ്കൂൾ എന്നിവ വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | തീർപ്പാകാത്ത ഓരോ അപേക്ഷയും അതാത് സെക്ഷനിൽ എന്നാണ് ലഭിച്ചത് എന്നത് ഫയൽ നമ്പർ, പേഴ്സണൽ രജിസ്റ്ററിലെ സീരിയൽ നമ്പർ സഹിതം വ്യക്തമാക്കാമോ; ഫയലുകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്നത് വിശദമാക്കാമോ? | (സി) | ഫയലുകൾ ലഭിക്കുന്ന മുറയ്ക്ക് ബ്ലാങ്ക് ബുക്ക് അയക്കുമ്പോൾ സ്കൂളിൽ നിന്ന് തിരികെ വരുന്ന കാലതാമസവും, പൂരിപ്പിച്ചു വരുന്ന ബുക്കിൽ വരുന്ന തെറ്റുകൾ കാരണവുമാണ് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുവാൻ കാലതാമസം നേരിടുന്നത്. കൂടാതെ അപേക്ഷകന്റെ ഫോട്ടോ പതിച്ചു നൽകേണ്ട സർട്ടിഫിക്കറ്റുകളിൽ പതിക്കുന്നതിന് ഫോട്ടോ യഥാസമയം ലഭിക്കാത്തതിനാൽ അപേക്ഷകന്റെ ഭാഗത്തുള്ള വീഴ്ച കാരണവും കാലതാമസം ഉണ്ടാകുന്നുണ്ട്. അപേക്ഷയെ സംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുള്ള മറ്റ് വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ